പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5768

28.03.2018 ൽ മറുപടിയ്ക്ക്

## താനൂർ പോലീസ് സ്റ്റേഷൻ സി.പി.ഒ മാർക്കെതിരെ പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) താനൂർ പോലീസ് സ്റ്റേഷനിലെ ഗുണ്ടകളെപ്പോലെ പ്രവർത്തിക്കുന്ന സി.പി.ഒ. മാരായ വിപിൻ, ആൽബിൽ, രജീഷ്, നിഷാദ് എന്നിവർക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ആരോപണങ്ങൾ വ്യാജമാണെന്ന് വ്യക്തമായിട്ടുള്ളതിനാൽ മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) പോലീസ് സേനക്കും സംസ്ഥാന സർക്കാരിനും അവമതിപ്പുണ്ടാക്കുന്ന ഇത്തരം പോലീസുകാരെ നിലയ്ക്കുനിറുത്തുന്നതിനും കാര്യക്ഷമത-യുള്ളവരാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാരിനോ പോലീസ് സേനയ്ക്കോ നിരക്കാത്ത പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ വകുപ്പുതലത്തിലും നിലവിലെ നിയമങ്ങൾ അനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) താനൂർ പോലീസ് സ്റ്റേഷനിലെ മേൽസൂചിപ്പിച്ച സി.പി.ഒ.മാർക്കെതിരെയുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി അതിവേഗം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പ്രസ്തുത പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ പരാതിക്കാസ്പദമായ സംഭവം വ്യാജമാണെന്ന് വെളിവായിട്ടുള്ളതാണ്. |
| (ഡി) ജനമൈത്രി പോലീസ് എന്ന ആശയം ഫലവത്താക്കാൻ സ്വീകരിച്ച് വരുന്ന നടപടികളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) കേരളത്തിൽ നിലവിൽ സമ്പൂർണ്ണമായി ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി അതാത് ജില്ലാ പോലീസ് മേധാവികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും അടങ്ങുന്ന സംഘം കൃത്യമായ ഇടവേളകളിൽ ഗൃഹ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.<br>കൂടാതെ, സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് തിരഞ്ഞെടുക്കപ്പെട്ട |

വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി നൽകിയിട്ടുള്ളതും അവർ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാലയങ്ങൾ, ക്യാമ്പസുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും മറ്റു സ്ത്രീകൾക്കും പരിശീലനം നൽകി വരുന്നതുമാണ്. സ്ത്രീകൾക്കു നേരെയുള്ള സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാനായി വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നതും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം വിതരണം ചെയ്തിട്ടുള്ളതും ജനകീയ പ്രവർത്തനങ്ങളുടെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളും മറ്റ് സാംസ്കാരിക സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ, പി.എസ്.സി പരിശീലനം (അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികൾക്കായി കാലാകാലങ്ങളിൽ പ്രത്യേക പി.എസ്.സി കോച്ചിംഗ് സെന്ററുകൾ) എന്നിവ പോലീസിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കൂടാതെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസ്ഥാന ജില്ലാ തലങ്ങളിൽ ശില്പശാലകളും സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ